LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, എം.എൽ.എ. ഫണ്ട് വർദ്ധിപ്പിച്ചിട്ടില്ല എന്നുള്ളത് ശരിയാണ്. പക്ഷേ, മറ്റൊരു കാലത്തു മില്ലാത്തവണ്ണം സ്റ്റിമുലസ് പാക്കേജിന്റേയും വിഷൻ 2010-ന്റെയും ഭാഗമായി എം.എൽ.എ.മാർ തീരുമാനിക്കുന്നതുപോലെ അല്ലെങ്കിലും എം.എൽ.എ മാരുടെ ആഗ്രഹങ്ങൾക്ക് ഇത്രയേറെ പരിഗണന ലഭിച്ചിട്ടുള്ള ഒരു കാലവുമില്ല. ഇപ്പോൾ ബഡ്ജറ്റിന്റെ അവസാന ഘട്ടത്തിലാണ്, പ്ലാനുകളൊക്കെ അംഗീകരിച്ചുകഴിഞ്ഞതാണ്. അതുകൊണ്ട് അങ്ങയുടെ ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(6) കുറുമ്പൻ ദൈവത്താൻ, കണ്ഠൻ കുമാരൻ എന്നിവരുടെ സ്മാരകങ്ങൾ

ശ്രീ. കെ. സി. രാജഗോപാലൻ: സർ, മധ്യതിരുവിതാംകൂറിലെ സാമൂഹ്യപ്രവർത്തകരായിരുന്ന കുറുമ്പൻ ദൈവത്താനും കണ്ഠൻ കുമാരനും അന്ത്യവിശ്രമം കൊള്ളുന്നത് ആറന്മുള മണ്ഡലത്തിലെ ആറന്മുള പഞ്ചായത്തിലാണ്. ശ്രീമൂലം പ്രജാസഭ അംഗങ്ങളും അതുപോലെ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസത്തിനും ജാതിക്കെതിരായിട്ടുള്ള പോരാട്ടത്തിനും ക്ഷേത്രപ്രവേശനത്തിനുമെല്ലാം നേതൃത്വം കൊടുത്ത ഈ രണ്ട് മഹത് വ്യക്തികളും അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം സ്മാരകമായി ഏറ്റെടുത്ത് സംരക്ഷിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ശ്രീ. കെ. സി. രാജഗോപാലൻ ഉന്നയിച്ചിട്ടുള്ള വിഷയം തിരുവിതാംകൂറിലെ സാമൂഹ്യ പരിഷ്ക്കർത്താക്കളായിരുന്ന അധഃസ്ഥിതരുടെ ഉന്നമനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി മധ്യതിരുവിതാംകൂറിൽ ഒട്ടേറെ പോരാട്ടങ്ങളും ഇടപെടലുകളും നടത്തിയിട്ടുള്ള, ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായി നോമിനേറ്റ് ചെയ്യപ്പെട്ടിരുന്ന കുറുമ്പൻ ദൈവത്താൻ, കണ്ഠൻ കുമാരൻ ഇവരുടെ സ്മാരകങ്ങൾ സംരക്ഷിക്കണമെന്നും അതിന് ഉചിതമായ നടപടി ഗവൺമെന്റ് കൈക്കൊള്ളണമെന്നുമാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഇത്തരത്തിലൊരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചത് അദ്ദേഹത്തിന്റെ ഒരു നിർദ്ദേശമായി പരിഗണിച്ചു കൊണ്ട് അത് നടപ്പിലാക്കാൻ വേണ്ടി സാംസ്ക്കാരിക വകുപ്പ് അടിയന്തരമായി നടപടികൾ കൈക്കൊള്ളുന്നതാണ്.

(7) കരമന - കളിയിക്കാവിള നാഷണൽ ഹൈവേയിലെ അപകടങ്ങൾ

ശ്രീ. എൻ. ശക്തൻ: സർ, നമ്മുടെ സംസ്ഥാനത്ത് കരമന മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാതയിലാണ് ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത്. അവിടെ റോഡപകടങ്ങൾ ഉണ്ടാകാത്ത ഒരു ദിവസംപോലുമില്ല. മുമ്പൊക്കെ ഒന്നും രണ്ടും പേരാണ് മരിക്കുന്നതെങ്കിൽ